# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 726

06.02.2013 ൽ മറുപടിക്ക്

**ആധാർ തിരിച്ചറിയൽ കാർഡ് വിതരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) രാജ്യത്തെ പൗരൻമാർക്ക നൽകുന്ന ആധികാരിക തിരിച്ചറിയൽ രേഖ (ആധാർ കാർഡ്) സംസ്ഥാനത്തു വിതരണം ചെയ്യുന്നതിൽ വ്യാപക തെറ്റുകൾ കടന്നുകൂടുന്നതായ വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ആധികാരിക തിരിച്ചറിയൽ രേഖയായി ഉപയോഗിക്കുന്നതിനാൽ ആധാർ കാർഡ് കൈകാര്യം ചെയ്യുന്നതിന് കുറ്റമറ്റ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; | (ബി) | ആധാർ കാർഡ് ഉള്ള വ്യക്തിക്ക് സ്വന്തം ഡെമോഗ്രാഫിക് വിവരങ്ങൾ സ്വയമോ അക്ഷയ സെന്ററുകളിലൂടെയോ തിരുത്തുന്നതിനുള്ള സംവിധാനം യു.ഐ.ഡി.എ.ഐ ഒരുക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ തിരുത്തൽ വരുത്തുന്നതിന് വേണ്ടി മാത്രമായി എൻറോൾമെന്റ് സെന്ററുകൾ ഓരോ ബ്ലോക്കിലും സജ്ജീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഇതിനകം ഏതെല്ലാം ജില്ലകളിൽ ആധാർ കാർഡ് ഡാറ്റാ എൻട്രിയും വിതരണവും പൂർത്തിയായി ; വിശദാംശങ്ങൾ നൽകുമോ; | (സി) | സംസ്ഥാനത്തെ ഒരു ജില്ലയിലും ആധാർ വിവര ശേഖരണം 100%പൂർത്തിയായിട്ടില്ല. |
| (ഡി) ബയോമെട്രിക് രജിസ്ട്രേഷൻ കഴിഞ്ഞവർക്ക് ആധാർ കാർഡ് നിർബന്ധമാണോ ? | (ഡി) | ആധാർ കാർഡ് ലഭിക്കണമെങ്കിൽ ഡെമോഗ്രാഫിക് വിവരങ്ങൾ നൽകുന്നതോടൊപ്പം ബയോമെട്രിക് രജിസ്ട്രേഷനും ആവശ്യമാണ്. N.P.R ക്യാംപിൽ നിന്നും ബയോമെട്രിക് രജിസ്ട്രേഷൻ കഴിഞ്ഞവർക്ക് ആധാർ ലഭിക്കുന്നതിനായി വീണ്ടും ബയോമെട്രിക് രജിസ്ട്രേഷൻ ചെയ്യേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ